**കേരള കാർഷിക സർവ്വകലാശാല**
**കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ**

**ക്വട്ടേഷൻ നോട്ടീസ്**

നം. സി.ആർ.എം. (അക്കൗ.) 1811/2022 തിയതി: 01/07/2022

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജോലിക്കാരെ ലഭ്യമാക്കുന്നതിനായി മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

*വ്യവസ്ഥകൾ*

1. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്നവർ ഗവേഷണകേന്ദ്രത്തിൽ നിന്നും ആവശ്യപ്പെടുന്ന എണ്ണം നിശ്ചിത യോഗ്യതയുള്ള സെക്യൂരിറ്റി ജീവനക്കാരെ (പ്രതിദിനം ഉദ്ദേശം 3 മുതൽ 6 വരെ) ലഭ്യമാക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

2. സെക്യൂരിറ്റി ജോലിക്ക് നിയോഗിക്കപ്പെടുന്ന ജോലിക്കാർ എക്സ് മിലിട്ടറി, റിട്ടയേർഡ് പൊലീസ് ഉദ്യോഗസ്ഥർ എന്നീ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. ഇതു തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. ഇവരുടെ അഭാവത്തിൽ മാത്രമേ അനുയോജ്യരായ മറ്റുള്ളവരെ സ്ഥാപന മേധാവിയുടെ അംഗീകാരത്തോടെ ജോലിക്ക് നിയോഗിക്കാൻ പാടുള്ളൂ.

3. സെക്യൂരിറ്റി ജോലിക്കായി നിയോഗിക്കപ്പെടുന്നവർ 21 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള ആരോഗ്യവാൻമാരായ പുരുഷൻമാരായിരിക്കണം.

4. സെക്യൂരിറ്റി ജീവനക്കാർ ജോലിയിൽ വീഴ്ച്ച വരുത്തുന്നതുകൊണ്ട് ഫാമിനുണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ ഉത്തരവാദിയായിരിക്കും. ജോലിയിൽ വീഴ്ച്ച വരുത്തുന്നതോ പെരുമാറ്റദൂഷ്യം കാണിക്കുന്നതോ ആയ ജോലിക്കാരെ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുവാൻ സ്ഥാപന മേധാവിക്ക് അധികാരമുണ്ടായിരിക്കും. അത്തരം സാഹചര്യത്തിൽ പകരം ആളുകളെ കരാറുകാരൻ നിയോഗിക്കേണ്ടതാണ്.

5. ഒരു ദിവസത്തെ പ്രവൃത്തി സമയമായ 12 മണിക്കൂറിന് ലഭിക്കേണ്ട തുകക്കാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.

6. ഒരു ജീവനക്കാരൻ തുടർച്ചയായി രണ്ട് ഡ്യൂട്ടിയിൽ കൂടുതൽ നോക്കുവാൻ അനുവദിക്കുന്നതല്ല.

7. അടുത്ത ഡ്യൂട്ടിയിലുള്ള ആൾ വന്ന ശേഷം മാത്രമേ ഡ്യൂട്ടിയിലുള്ള ആൾ വിടുതൽ വാങ്ങി പോകുവാൻ പാടുള്ളൂ.

8. ഫാമിലെ എല്ലാ വസ്തുവകകളും സംരക്ഷിക്കേണ്ടതും മോഷണം പോകാതെ നോക്കേണ്ടതും സെക്യൂരിറ്റി ജീവനക്കാരുടെ ഏറ്റവും മുഖ്യമായ ഉത്തരവാദിത്വമാണ്.

9. ഫാമിലെ യാതൊരു സാധനവും ബില്ല് ചെയ്യാതെയോ ഓഫീസ് സീലോടുകൂടിയ ഗേറ്റ് പാസ് ഇല്ലാതെയോ പുറത്തുകൊണ്ടു പോകുവാൻ യാതൊരു കാരണവശാലും സെക്യൂരിറ്റി ജീവനക്കാർ അനുവദിച്ചുകൂടാത്തതാണ്. സംശയം തോന്നുന്ന സന്ദർഭങ്ങളിൽ പുറത്ത് പോകുന്ന ആരുടേയും (സ്റ്റേഷനിൽ ജോലി ചെയ്യുന്ന ആളുകളുടെ ഉൾപ്പെടെ) ബാഗുകൾ, വാഹനങ്ങൾ മുതലായവ പരിശോധിക്കുവാൻ സെക്യൂരിറ്റി ജീവനക്കാർക്ക് അനുവാദമുണ്ടായിരിക്കുന്നതാണ്.

10. പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് പ്രവർത്തി സമയത്ത് (രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണി വരെ) മാത്രമേ സാധനങ്ങൾ ഫാമിനു വെളിയിലേക്ക് കൊണ്ടുപോകുവാൻ പാടുള്ളൂ. സ്റ്റേഷൻ മേധാവിയുടെ പ്രത്യേക ഉത്തരവുള്ള അടിയന്തിര സന്ദർഭങ്ങളൊഴിച്ച്, അവധി ദിവസങ്ങളിലും, രണ്ടാം ശനിയാഴ്ച്ചകളിലും യാതൊരു കാരണവശാലും സാധനങ്ങൾ പുറത്തുകൊണ്ടുപോകുവാൻ അനുവദിക്കരുത്.

11. വിളവെടുപ്പിനുള്ള ലേലം കിട്ടിയിട്ടുള്ള ആളുകളെ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുവാദത്തോടെ പ്രവൃത്തി ദിവസങ്ങളിൽ ഫാം പ്രവൃത്തി സമയത്ത് മാത്രമേ വിളവെടുക്കുവാൻ അനുവദിക്കുവാൻ പാടുള്ളൂ.

12. ഫാമിലെ ആവശ്യമനുസരിച്ച് ഡ്യൂട്ടി പോയിന്റുകളും ജോലിക്രമവും സമയവും നിശ്ചയിക്കുന്നതും അതിൻപ്രകാരം ഫാമിലെ ഉദ്യോഗസ്ഥൻമാർ നൽകുന്ന നിർദ്ദേശങ്ങൾ സെക്യൂരിറ്റി ജോലിക്കാർ പാലിക്കേണ്ടതുമാണ്.

(മറുപുറം)

13. ഫാമിലേക്ക് വരുന്നതും പോകുന്നതുമായ എല്ലാ വാഹനങ്ങളുടേയും വ്യക്തികളുടെയും നമ്പറും വിശദവിവരങ്ങളും സെക്യൂരിറ്റി ജീവനക്കാർ ഗേറ്റിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും എല്ലാ ദിവസവും രാവിലെ ഫാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ കാണിച്ച് ഒപ്പിട്ടു വാങ്ങേണ്ടതുമാണ്.
14. കോവിഡ് 19 വ്യാപനം തടയുന്നതിനായി സർക്കാർ ഉത്തരവിട്ടിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ ഒരോ വ്യക്തിയേയും(ജീവനക്കാർ/തൊഴിലാളികൾ ഉൾപ്പെടെ) സ്റ്റേഷനിലേക്ക് പ്രവേശിപ്പിക്കുവാൻ പാടുള്ളൂ.
15. മെയിൻ ഗേറ്റ് രാവിലെ 7 മണിക്ക് തുറക്കേണ്ടതും വൈകുന്നേരം 5 മണിക്ക് അടച്ചിടേണ്ടതുമാണ്.
16. പൊതുജനങ്ങളുടെ ഫാമിനുള്ളിലൂടെയുള്ള അനധികൃത സഞ്ചാരം അനുവദിക്കരുത്.
17. ഫാമിനുള്ളിൽ സംശയാസ്പദമായ രീതിയിൽ നടക്കുന്ന ഏതൊരു പ്രവർത്തിയുടേയും നിജസ്ഥിതി മനസിലാക്കേണ്ടതും ഫാമിലെ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി യുക്തമായ നടപടി എടുക്കേണ്ടതുമാണ്.
18. ഓഫീസ് സമയത്തിന് ശേഷവും അവധി ദിവസങ്ങളിലും എന്തെങ്കിലും അത്യാഹിതങ്ങളോ അനിഷ്ട സംഭവങ്ങളോ സംഭവിച്ചാൽ യുക്തമായ നടപടികൾ ഉടനെയെടുക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉടനടി വിവരം അറിയിക്കേണ്ടതുമാണ്.
19. കരാർ തുകയിൽ നിന്നും ആദായനികുതി (സർക്കാർ നിശ്ചയിച്ച നിരക്കിൽ) ഈടാക്കുന്നതായിരിക്കും. ഇതുകൂടാതെ ഈ കരാറുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് മറ്റേതെങ്കിലും നികുതികൾ കാലാകാലങ്ങളിൽ അടക്കേണ്ടതുണ്ടെങ്കിൽ അതു അടക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. കരാറുകാരന് പാൻ കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം.
20. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
21. ക്വട്ടേഷൻ വ്യവസ്ഥകളിൽ വീഴ്ച്ചവരുത്തിയാൽ ജോലിയ്ക്കുള്ള പ്രതിഫലം തടഞ്ഞുവെയ്ക്കാനും ക്വട്ടേഷൻ റദ്ദു ചെയ്യുവാനും സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുവാനും സ്റ്റേഷൻ മേധാവിയ്ക്ക് അധികാരമുണ്ടായിരിയ്ക്കും.
22. ഈ ക്വട്ടേഷൻ പ്രകാരം ജോലി ചെയ്യുന്നതിന്റെ പേരിൽ കാർഷിക സർവ്വകലാശാലയുടെ യാതൊരു വിധ നിയമനത്തിനും പ്രത്യേക അവകാശം ഉണ്ടായിരിക്കുന്നതല്ല.

മുദ്രവെച്ച ക്വട്ടേഷനുകൾ 08/07/2022 രാവിലെ 11.00 മണിക്ക് മുൻപായി ഗവേഷണകേന്ദ്രം മേധാവി, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ,തൃശൂർ - 680651 എന്ന വിലാസത്തിൽ ലഭിയ്ക്കേണ്ടതാണ്.

**"സെക്യൂരിറ്റി ജോലിക്കാരെ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് കവറിനു പുറത്തു എഴുതണം. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 1000 രൂപ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ക്വട്ടേഷനുകൾ 08/07/2022 രാവിലെ 11.30 ന് തൽസമയം സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. സന്നിഹിതരായവർ സർക്കാരിന്റെ കോവിഡ് 19 മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്നവർ 15/07/2022 നകം 7500 രൂപ സെക്യൂരിറ്റി നിക്ഷേപമായി അടയ്ക്കേണ്ടതും അനുവദിച്ചിട്ടുള്ള ജോലി കരാർ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യാൻ തയ്യാറാണെന്നുള്ള ഒരു സമ്മത പത്രം 200 രൂപയുടെ മുദ്രപത്രത്തിൽ 15/07/2022 നകം എഴുതി നൽകേണ്ടതുമാണ്.

യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷനുകൾ താൽക്കാലികമായി ഉറപ്പിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം അസിസ്റ്റന്റ് പ്രൊഫസ്സർ ആന്റ് ഹെഡ്-ഇൻ-ചാർജജ്, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറയിൽ നിക്ഷിപ്തമായിരിയ്ക്കും.

ഗവേഷണകേന്ദ്രം മേധാവി
ഇൻ-ചാർജ്ജ്

Assistant Professor & Head I/c
Cashew Research Station
Kerala Agricultural University
Madakkathara P O., Thrissur-680 651

പകർപ്പ്

1. നോട്ടീസ് ബോർഡ്, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ
2. നോട്ടീസ് ബോർഡ്, ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര
3 നോട്ടീസ് ബോർഡ്, പഞ്ചായത്ത് ഓഫീസ്, മാടക്കത്തറ
4. നോട്ടീസ് ബോർഡ്, എ.ആർ.എസ്, മണ്ണുത്തി
5. നോട്ടീസ് ബോർഡ, വില്ലേജ് ഓഫീസ്, മാടക്കത്തറ
6. നോട്ടീസ് ബോർഡ,കൃഷി ഭവൻ, മാടക്കത്തറ
7. ഓഫീസർ ഇൻ ചാർജ്ജ്, ഫാം
8. ഫാം സൂപ്രണ്ട്
9. വിവിധ സെക്യൂരിറ്റി ഏജൻസികൾ
10. കെ.എ.യു വെബ്സൈറ്റ്

CASHEW RESEARCH STATION
MADAKKATHARA
PIN-680 651
KERALA AGRICULTURAL UNIVERSITY